**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5938</u>** **<u>08-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ആധാരം എഴുത്തുകാരുടെ ക്ഷേമനിധി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാരം എഴുത്തുകാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം അടയ്ക്കാത്തത് കാരണം നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശാദയ തുകയുടെ 10% ബോണസും മൊത്തം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അതു സർക്കാർ അംശാദായമായി നൽകേണ്ടതാണ് എന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ക്ഷേമനിധിയിലെ അംഗങ്ങൾക്കും വിരമിച്ചവർക്കും ഗുണകരമാകത്തക്ക രീതിയിൽ നിരവധി ആനുകൂല്യങ്ങളും നിലവിൽ അനുവദിച്ചു വരുന്നുണ്ട്. ചികിത്സാ സഹായം, വിരമിക്കൽ ആനുകൂല്യം, മരണാനന്തരാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഓണക്കാല ഉത്സവബത്ത, ദുരിതകാല പ്രത്യേക സഹായം വിദ്യാഭ്യാസ അവാർഡ്, പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ, തുടങ്ങിയ ആനുകാല്യങ്ങളാണ് അനുവദിച്ചു വരുന്നത്. |
| (ബി) | ക്ഷേമനിധിയിൽ അംഗത്വമുള്ളവർ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും കാലതാമസം കൂടാതെ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | ക്ഷേമനിധിയിൽ അംഗത്വമുള്ളവർ മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനികൾക്കോ അവകാശികൾക്കോ മരണാനന്തരാനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. തുടക്കത്തിൽ ഒരുലക്ഷമായിരുന്ന ആനുകൂല്യം 01.07.2017 പ്രാബല്യത്തിൽ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുക വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ആനുകൂല്യത്തിനായി ക്രമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ അനുവദിച്ചു വരുന്നുണ്ട്. |
| (സി) | കോവിഡ് മൂലവും മറ്റ് വ്യത്യസ്ത കാരണങ്ങൾ | (സി) | അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന് പരമാവധി ഒരു |

| | | | |
|---|---|---|---|
| | കൊണ്ടും വരിസംഖ്യ അടക്കാനും അംഗത്വം പുതുക്കാനും സാധിക്കാത്തതിനാൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വം പുന:സ്ഥാപിക്കാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | | വർഷത്തിനുള്ളിൽ തന്റെ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. ഈ പരിധിക്കു പുറത്തുള്ള കേസുകളിൽ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ